# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം. 1032 — 05.03.2018-ൽ മറുപടിക്ക്

## അനംഗീകൃത അൺ എയ്ഡഡ് മേഖലയിലെ അദ്ധ്യാപക അദ്ധ്യാപകേതര ജീവനക്കാരുടെ ജോലി

| ചോദ്യം<br>ശ്രീ. പാറക്കൽ അബ്ദുല്ല | ഉത്തരം<br>പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
|---|---|
| (എ) അനംഗീകൃത അൺഎയ്ഡഡ് മേഖലയിലെ സ്കൂളുകൾ സർക്കാർ നിർത്തലാക്കുമ്പോൾ ഒന്നര ലക്ഷത്തിലധികം അദ്ധ്യാപക അദ്ധ്യാപകേതര ജീവനക്കാർക്ക് ജോലി നഷ്ടപ്പെടുന്ന സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;<br><br>(ബി) ഇവരിൽ മഹാഭൂരിപക്ഷം പേരും സർക്കാർ നിഷ്കർഷിക്കുന്ന യോഗ്യത ഉള്ളവരാണെങ്കിലും പി.എസ്.സി. നിയമനത്തിനുള്ള പ്രായപരിധി കഴിഞ്ഞവരാണെന്ന കാര്യം പരിശോധിക്കുകയുണ്ടായോ; | (എ)യും (ബി)യും അനംഗീകൃത അൺ എയ്ഡഡ് സ്കൂളുകൾ നിർത്തലാക്കാൻ തീരുമാനമെടുക്കുന്നതിന് മുന്നോടിയായി ഈ വിഷയത്തിന്റെ വിവിധവശങ്ങൾ സർക്കാർ പരിശോധിച്ചിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് വ്യക്തമായ മാനദണ്ഡങ്ങൾ നിശ്ചയിച്ച് കൊണ്ട് അവ പാലിച്ച നിരവധി അനംഗീകൃത സ്കൂളുകൾക്ക് അംഗീകാരം നൽകിയിട്ടുള്ളത്. 2009 – ലെ കുട്ടികളുടെ സൗജന്യവും നിർബന്ധിതവുമായ വിദ്യാഭ്യാസ അവകാശ നിയമം, 2011-ലെ വിദ്യാഭ്യാസ അവകാശ ചട്ടം എന്നിവയിലെ വ്യവസ്ഥകളുടെയും 16.03.2016 – ലെ കേരള സംസ്ഥാന ബാലാവകാശ സംരക്ഷണ കമ്മീഷന്റെ CRMP No. 4426/05/LA1/2015/ KeSCPCR നമ്പർ ഉത്തരവിന്റെയും അടിസ്ഥാനത്തിൽ വ്യക്തമായി പരിശോധിച്ചാണ് അനംഗീകൃത അൺഎയ്ഡഡ് സ്കൂളുകൾ നിർത്തലാക്കാനുള്ള തീരുമാനം സർക്കാർ കൈക്കൊണ്ടത്. |
| (സി) അൺഎയ്ഡഡ് മേഖലയിലെ 15 ലക്ഷം വരുന്ന കുട്ടികളെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലേക്ക് മാറ്റിച്ചേർക്കുമ്പോൾ അവരെ ഉൾക്കൊള്ളാൻ ഈ മേഖലയിൽ നിലവിലുള്ള സാഹചര്യങ്ങൾ മതിയാകുമോ;<br><br>(ഡി) അടച്ചുപൂട്ടൽ നടപടി എയ്ഡഡ് സ്കൂൾ മാനേജ്മെന്റുകൾക്കും, ഉയർന്ന ഫീസ് വാങ്ങുന്ന അംഗീകൃത-അൺ എയ്ഡഡ് സ്കൂളുകൾക്കുമാണ് ഗുണകരമാവുക എന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ? | (സി)യും (ഡി)യും പ്രസ്തുത സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സമീപ പ്രദേശത്തുള്ള സർക്കാർ/ എയ്ഡഡ്/ അംഗീകാരമുള്ള അൺ എയ്ഡഡ് സ്കൂളുകളിൽ പ്രവേശനം തേടാവുന്നതാണ്. പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായി പൊതു വിദ്യാലയങ്ങളിലേക്ക് കൂടുതൽ വിദ്യാർത്ഥികളെ ആകർഷിക്കുവാൻ അവ ഹൈടെക്കാക്കുവാനും അന്താരാഷ്ട്ര നിലവാരത്തിലേക്ക് ഉയർത്തുവാനുമുള്ള നടപടികൾ സർക്കാർ സ്വീകരിച്ച് വരുന്നുണ്ട്. സംസ്ഥാനത്ത് നിലവിൽ അംഗീകാരമില്ലാതെ പ്രവർത്തിച്ചുവരുന്ന സ്കൂളുകൾ പൂട്ടുന്നതുമൂലം പൊതു വിദ്യാലങ്ങളിലേക്ക് കൂടുതൽ കുട്ടികളെ ആകർഷിക്കുവാനും പൊതുവിദ്യാഭ്യാസ രംഗം ശക്തിപ്പെടുത്തുന്നതിനും സഹായകമാകുന്നതാണ്. |

സെക്ഷൻ ഓഫീസർ